ശ്രീധരന്റെ

# വേദാന്തബോധസുധ

പ്രസാധകർ:-

**സാധുഗോപാല സമാജം**

**കൃഷ്ണപുരം**

ശ്രീധരന്റെ

# വേദാന്തബോധസുധ

SADHU GOPALA SAMAJAM
KAYAMKULAM-P.O.
KRISHNAPURAM

Malayalam

ശ്രീധരന്റെ
വേദാന്തബോധസുധ

Author
Sadhu Sreedharan Nair.

Published by
Sadhu Gopala Samajam
Krishnapuram, Kayamkulam. P. O.

Printed by
Sivas Printers
West Nada, Kottayam.

No. of Copies 501
Copy Right reserved

1985 ജനുവരി 25
1160 മകരം 12.



സാധു ശ്രീധരൻ നായർ

ഓം

ശ്രീധരൻനായർ സ്വാമികൾ ഞങ്ങൾക്ക് വേദാന്തതത്വങ്ങൾ വെളിവാക്കിത്തന്നിട്ടുള്ളതിന്റെ ഒരു മാതൃകയാണ് ഈ ''വേദാന്തബോധസുധ'' ജിജ്ഞാസുക്കൾക്ക് ഇതൊരമൂല്യനിധിയാണെന്ന വിശ്വാസത്താൽ ഞങ്ങൾ ഇതിനെ പ്രസിദ്ധം ചെയ്യുന്നു.

ഇതിൽ—ജപയോഗത്തിന്റെ ശ്രേഷ്ഠത വ്യക്തമാക്കിയിട്ട്, കൊച്ചുകുഞ്ഞുങ്ങൾക്കുള്ള നിർദ്ദേശങ്ങൾ മുതൽ ജീവൻമുക്തനോ, വിദേഹമുക്തനോ വരെ ആകാനുള്ള മാർഗ്ഗങ്ങൾ പ്രതിപാദിച്ചിട്ടുണ്ട്—അഷ്ടാംഗയോഗത്തിലേതു് അത്യുൽകൃഷ്ടമായ, ഉപനിഷത്സമ്മതമായ, മാർഗ്ഗമാണ്—ബോധമാർഗ്ഗത്തിൽവേദാന്തദർശനത്തിലെ ആദ്യത്തെ നാലു സൂത്രവാക്യങ്ങളുടെ പൊരുളും, മററാരും വ്യക്തമാക്കിയിട്ടില്ലാത്ത തരത്തിൽ, ലളിതകോമള മലയാളപദങ്ങളിൽ വെളിപ്പെടുത്തിത്തന്നിരിയ്ക്കുന്നു. അദ്ദേഹത്തിന്റെ അർച്ചിതകുസുമപരമ്പരയിലെ ഏതാനും കുസുമങ്ങളും ഇതിലുണ്ട്.

ഞങ്ങൾ ഈ ഗ്രന്ഥത്തിന്റെ പ്രാരംഭത്തിൽ ചേർത്തിട്ടുള്ള, അദ്ദേഹമരുളിയ സുപ്രഭാതം അത്യന്തം മനോഹരമാണ്. ഇതു്, ഒരോ ഭാരതീയനും അവകാശപ്പെട്ടതാണ്. ബോധസൂര്യൻ, ഉദയാദ്രിയുടെ ഉത്തുംഗശൃംഗത്തിലെത്തി-അമൃതകിരണം വർഷിക്കുന്നു. ഉണർന്നെഴുന്നേൽക്കുക—ഊർജ്ജസ്വലനാകുക—ആലസ്യം വെടിയുക—അർഹിക്കുന്നതു്, നിർദ്ദേശപ്പടി, നേടുക—ആത്മഹർഷം അനുഭവിച്ചു തൃപ്തിയടയുക.

പ്രസാധകർ

കൃഷ്ണപുരം
16-1-1985 സാധുഗോപാലസമാജം

ഓം

ശ്രീധരന്റെ

# വേദാന്തബോധസുധ

## സുപ്രഭാതം

ഓം

എഴുന്നേൽക്കു ഭാരതാ
എഴുന്നേൽക്കു ഭാരതാ
നിൻ സുപ്രഭാതമരുളുന്നു ശ്രീധരൻ.

അന്തമറ്റൊരു ഭാരതാം ബോധിയിൽ
എത്ര എത്ര കമലം മനോഹരം
കുമ്പിനിന്ന് മനോഹര പുഷ്പങ്ങൾ
ബോധ സൂര്യകിരണ പ്രഭയേററ്
ന്നുന്നു പൊങ്ങി വിടരുന്നു മോഹനം
ഹംസമങ്ങു ധ്വനിയാൽ മഹീധരേ
സുപ്രഭാതമരുളുന്നു ഭാരതാ.

എഴുന്നേൽക്കു ഭാരതാ
എഴുന്നേൽക്കു ഭാരതാ
നോക്കുനോക്കു നയനം തുറന്നു നീ
അഖണ്ഡമായ മഹാകാശമായതിൽ
ബോധസൂര്യനുദയം നടത്തുന്നു
നിൻ സുപ്രഭാതമരുളുന്നു ശ്രീധരൻ.

ബോധാമൃതജലേ, യെത്രയെത്ര
കമലം വിലസുന്നു.
കോടി കോടി കമലം വിടരുമ്പോഠം
കോടിക്കോടിയായ് ഹംസമിരമ്പുന്നു
നിൻ സുപ്രഭാതമരുളീ മനോഹരം.

കാണു നീ നിൻെറയാത്മാ മനോഹരം
ബോധസൂര്യനുദയാദ്രിയെത്തിയാൽ
ആത്മകമലം വിടരും മനോഹരം
നിൻ സുപ്രഭാതമരുളുന്നു ശ്രീധരൻ.

പിണ്ഡസൂര്യനുദയം നടത്തേണ്ടാ
സുപ്രഭാതമരുളാൻ നിനക്കെടോ
ആത്മസൂര്യനുദയം നടത്തിയാൽ
ചിൽ പ്രകാശം തിളങ്ങുമേ ഭാരതാ
നിൻ സുപ്രഭാതമേ കാണുള്ള ഭാരതാ
ജയ ഭാരതാ—ശിവമാനസാ
ജയ ഭാരതാ—ശിവമാനസാ
നിൻ സുപ്രഭാതമരുളുന്നു ശ്രീധരൻ.

★

# ഓം

ശ്രീധരന്റെ

# വേദാന്തബോധസുധ

## ശ്രീ ഗുരവേ നമഃ

ഓം

ഭാരതീദേവിതന്റെ
വാത്സല്യ ഭാജനങ്ങളാം
കാനൽ ജലമെന്നോർത്തു
പുച്ഛിച്ചു തള്ളിടേണ്ടാ.

അദ്ധ്യാത്മ മഹത്സത്തു
മണലാരണ്യമല്ലാ
വെള്ളത്തേ തിരക്കീട്ടു
ചാവോളം നടക്കേണ്ടാ

സസ്പഷ്ടമായികാട്ടാം
ദ്യോവതിങ്കൽ ശസ്ത്രജ്ഞൻ
നക്ഷത്രം കാട്ടും പോലേ
ഗ്രഹത്തേ കാട്ടും പോലേ

ബ്രാഹ്മമാം മുഹൂർത്തത്തിൽ
ധ്യാനമങ്ങനുഷ്ഠിക്ക
മലശോധനചെയ്തു്
ദന്തധാവനം ചെയ്തു്

നാക്കതും വടിച്ചിട്ടു്
ശുദ്ധമാം ജലമതിൽ

സ്നാനത്തെ നടത്തേണം
ഈശ്വരചിന്തയോടും

സുഗന്ധ മസൃണമാം
ഭസ്മമോ ചന്ദനമോ
രണ്ടുമോ ലേപനം ചെയ്ത്
ശുദ്ധനായിരിക്കുക.

വിളക്കിൻ മുമ്പിലായി
സ്വസ്തികാസനത്തിലോ
സുഖാസനമതിലോ
പത്മ, ഭദ്ര, മതിലോ

പലകമേൽ വിരിപ്പു
വിരിച്ചു സുഖമാക്കി
ചമച്ചു, വടക്കോട്ടോ
കിഴക്കോട്ടോയിരുന്നു

ജപമങ്ങാരംഭിക്കാം
ആചാര്യവാനെങ്കിലോ
നിർദ്ദിഷ്ടമന്ത്രമതു
നിർദ്ദേശപ്പടിചെയ്ക.

അല്ലാത്ത ബാലന്മാർക്ക്
ചൊല്ലാം ഞാൻ ചിലവഴി
രാമമന്ത്രമായതോ
നമ:ശിവായയതോ

ഹരേ രാമ തുടങ്ങും
മന്ത്രമതേതെങ്കിലും
ജപിക്ക ഭക്തിയോടേ
ജപമതു നിസ്സാരമേ

ന്നാരുമേ കരുതരുതേ
വാത്മീകിമഹർഷി താനും
ഭഗവാനാം വ്യാസൻതാനും

ഇവരുടെ ഗുരുവായ്
നാരദബ്രഹ്മ ഋഷിയും
നിത്യവും ജപിച്ചീടുന്നു
ഹരേ രാമ ഹരേ രാമ
രാമ രാമ ഹരേ ഹരേ
ഹരേ കൃഷ്ണ ഹരേകൃഷ്ണ
കൃഷ്ണ കൃഷ്ണ ഹരേ ഹരേ

വാത്മീകി ജപിക്കുന്നു
രാമ മന്ത്രത്തെ നിത്യം
അഞ്ജനേയൻ ഹനുമാൻ
രാമ മന്ത്രം ജപിച്ചു
തള്ളുന്നു നിമേഷങ്ങൾ

കടക്കാം സംസാരത്തെ
നാമം താരകമാക്കി
ഉപദേശമായതും
നാമ മന്ത്രത്താലാകാം

നാമത്തെ ജപിച്ചെന്നാൽ
ശബ്ദത്തിൽ ലയം വരും
മാനസ മടങ്ങീടും
മാനസ മടങ്ങിയാൽ
കടക്കാം സംസാരത്തെ

ആലസ്യം നിദ്രയതും
ജപയോഗി ജയിക്കണം

ആയതേ ജയിപ്പുവാൻ
രൂപത്തെ ധ്യാനിച്ചീടാം

കണ്ണും ചെവിയുമത്രേ
ജീവത്താമിന്ദ്രിയങ്ങൾ
അതിന്നു വേലയേകു
ജീവത്തായ് നിലനില്ലാൻ

ഇങ്ങനെ ജയിക്കേണം
നിദ്രയാം ഭൂതത്തിനെ

പ്രാണനങ്ങൂർദ്ധ്വഗതി
പ്രാപിക്കും കാലം വരെ
ശിക്ഷയിൽ നിർത്തീടേണം
ജപമാം ദീപത്തിനെ

ശബ്ദത്തിൽ ലയം വന്നു
പ്രാണനങ്ങൂർദ്ധ്വമായി
മൂർദ്ധാവിൽ നിലകൊണ്ടാൽ
ധ്യാനമങ്ങുറച്ചീടും

സാദ്ധ്യമായ് വന്നുകൂടും
ദേവതാ സാക്ഷാത്ക്കാരം
ദേവനോ രൂപിയാകാം
പ്രഭയായ് നിലനിൽത്താം

രൂപിയായ് നിലനിന്നാൽ
ദേവനായ് ലയിച്ചങ്ങ്
സായൂജ്യം പ്രാപിച്ചീടാം

പ്രഭയായ് നിലനിന്നാൽ

സൂര്യനായ് തീർന്നിട്ടങ്ങു
നിർവ്വാണം പ്രാപിച്ചിടാം

സായൂജ്യമതിന്റേയും
നിർവ്വാണമതിന്റേയും
കഥകൾ ഇഷ്ടംപോലെ
ഉണ്ടല്ലോ പുരാണത്തിൽ

പ്രണവം ജപിച്ചങ്ങു
ശബ്ദത്തിൽ പിടിച്ചെന്നാൽ
ശബ്ദത്തിൽ വ്യാകരണം
നിലച്ചങ്ങു മാത്രയായ്
പ്രണവമായി തീരും

ആയതേ ചൊല്ലിത്തരാം
ശ്രദ്ധയാ കേട്ടാലും നീ
ശ്രീരാമ ഗീത–

"അകാരം പ്രഥമ പ്രോക്ത
ഉകാരസ്ഥാദനന്തരം
മകാരശ്ചാദ്ധ്മാത്രാച
നാദബിന്ദുതതപരം

കലാതത: കലാതീതാ
ശാന്തി ശാന്തോപരതത:
ഉന്മന്യേകാദ ശീപ്രോക്ത
ദ്വാദശീതു മനോന്മനീ

പരീചമദ്ധ്യമാപശ്ചാൽ
പശ്യന്തീ ചപരാതത:

ഏവം ഷോഡശരുപോയം
പ്രണവ സൂത്രമാത്രക.''

ഇത്തരം ഓങ്കാരത്തിൽ
സൂക്ഷ്മത്തിൽ സൂക്ഷ്മം പിടിച്ച്
ലയം വരുത്തി ജീവൻ–
മുക്തനോ വിദേഹനോ
ആകുക സാദ്ധ്യമത്രേ.

ഇവിടെ ജപം മുങ്ങി
ധ്യാനത്തിലുറച്ചുപോം
ഈ വിഭാഗത്തെ ധ്യാനം
അത്യന്തം മനോഹരം
വിവരിച്ചോതിതരാം

ജപമതു ലീനമായ്
ധ്യാനമങ്ങുറച്ചെന്നാൽ
ഫൂൽക്കാരധ്വാനിയതു
ശിരസിലുറച്ചീടും

വലം ചുററി സഞ്ചരി–
ക്കും പ്രാണൻെറ വിക്രിയ
അനേകമനേകമായ്
ആവിർഭവിച്ചിട്ടങ്ങു
യോഗാനന്ദമതു് സവ്–
ദാ വിളയാടും യോഗ

മുങ്ങാ ജീവനെ ഏററു
വാങ്ങിയെന്നാൽ എന്തുഞാൻ
പറയേണ്ടു ആനന്ദാം–
ബുധി തന്നെ താനെന്നു–

തറിയുമേ അറിയു-
മില്ല സംശയമേതും
ജീവൻ മുക്തനുമാകും.

ഇ ഹിടെ ജപം വന്നാൽ
അജപയതാകുമേ
ജപിക്കാതെ ജപിക്കും
പ്രാണൻ ജപിക്കുമേ.

അജപ അതാണെന്നു
ശ്രീധരൻ കഥിക്കുമേ.

ഓം

# ശ്രീ ഗുരുവേ നമഃ

ചൊല്ലാം ഞാൻ നിന്നോടേവം
അഷ്ടാംഗ യോഗമതേ
''യമനിയമാസന
പ്രാണായാമ പ്രത്യാഹാര
ധാരണാ ധ്യാനസമാധി
യോഗമാവതുകളേ''

'യമമാം തഹിംസാ, സത്യ,
മസ്തേയം, ബ്രഹ്മചര്യ,
ക്ഷമാ, ധൃതി, ദയ, ആജ്ജവ
മിതാഹാര, ശൗചം
പത്തിവയാണെടോ'

'തപ, സന്തോഷ, മാസ്തികം
ദാന മീശ്വര പൂജനം
സിദ്ധാന്ത വാക്യശ്രവണം
ഹ്രീ, മതീ, തപോഹുതം
പത്തത്രേ നിയമമാവതു്''

'സ്വസ്തിക്', ഗോമുഖം,
വീരം, പത്മ, ഭദ്ര,
സിംഹ, മുക്ത, സുഖ
മയൂര' മിവയത്രേ
ഒമ്പതാസനങ്ങൾ

പ്രാണായാമം പലതു
ണ്ടെന്നിരിക്കിലും ഏറെ

ലളിതമായൊന്നതേ
ചൊല്ലീടാം നിന്നോടേവം

സ്ഥിര സുഖയാസനേ
സുഖമായിരുന്നങ്ങു
ചെയ്യുക വഴിപോലെ

ഇടത്തേ മൂക്കിൽ കൂടി
ശ്വാസത്തെ സാവധാനം
കടത്തു ഉള്ളിലേക്കായ്

ശക്തിക്കനുസരിച്ച
സമയമടക്കീട്ടു
വലത്തേ മൂക്കിൽ കൂടി
വിടുക സാവധാനം

ശക്തിക്കനുസരണം
വെളിക്കു നിറുത്തീട്ടു
വലത്തേ മൂക്കിൽ കൂടി
ശ്വാസത്തേ കയററീട്ടു
കുംഭകമതും ചെയ്ക
ഇടത്തേ മൂക്കിൽക്കൂടി
വിടുക സാവധാനം
വെളിക്കു നിറുത്തുക
യല്പനേര മതിനെ
ഇത്രയും കൂടിയാൽ
പ്രാണായാമ മൊന്നെടോ.

സാവധാനം വിടേണം
വിടുന്ന മൂക്കിൽക്കൂടി—
തന്നെ കയററുകയും

ഇങ്ങനെ ശക്തിപോലെ
ചെയ്യുക യഥാവിധി.

ഗുരുതൻ നിർദ്ദേശത്തെ
പാലിക്ക വഴിപോലെ
അന്യഥാ ചിന്തനങ്ങ
ളൊഴിവാക്കുകവേണം
സ്വസ്ഥനായിരിക്കേണം
ക്ഷോഭത്തെ തടയേണം
ആത്മചിന്തനം വേണം
ഉപായൊക്കെയും ചെയ്ക
ഫലമതുണ്ടാകുവാൻ.

പ്രാണായാമമാം രാജ്യം
അത്യന്തം വിസ്തൃതം താൻ
കാണാമങ്ങതിലതി
മോഹനം യോഗസൗധം

അഖണ്ഡാകാശമായി
നിലകൊാംവതുകാണാം
ആനന്ദസുഖങ്ങള
ളവററതായികാണാം.
കടക്കാം നമുക്കിനി
പ്രത്യാഹാരമാം രാജ്യേ

## ഉപനിഷത്

''ഇന്ദ്രിയാണാം വിചരതാം
വിഷയേഷു സ്വഭാവത:
ബലാദാഹരണം തേഷാം
പ്രത്യാഹാരസ ഉച്യതേ.

യത്പശ്യതിതത്സർവം
ബ്രഹ്മപശ്യൻ സമാഹിത:
പ്രത്യാഹാരോഭവേദേഷ
ബ്രഹ്മവിദ്ഭി പുരോദിത:

അഥവാ വായു മാകൃഷ്യ
സ്ഥാനാത് സ്ഥാനം നിരോധയേത്

ദന്തമൂലേ തഥാകണ്ഠം
കണ്ഠാദുരസി മാരുതം
ഉരോദേശാത് സമാകൃഷ്യ
നാഭിദേശേ നിരോധയേത്

നാഭിദേശാത് സമാകൃഷ്യ
കുണ്ഡല്യാം തു നിരോധയേത്
കുണ്ഡലിദേശതോ വിദ്വാൻ
മൂലാധാരേ നിരോധയേത്

അഥാപാനാത്കടിദ്വന്ദേ
തഥോരൗച സുമദ്ധ്യമേ
തസ്മാദ് ജാനു ദ്വയേ ജംഘേ
പാദാംഗുഷ്ഠേ നിരോധയേത്

പ്രത്യാഹാരോയ മുക്തസ്തു
പ്രത്യാഹാര പരൈ പുരാ''

## വായുധാരാണാത്മക

''നാസാഭ്യാം വായു മാകൃഷ്യ
നിശ്ചലസ്വസ്തികാസന:

പൂരയേദനിലം വിദ്വാ
നാപാദതലമസ്തകം

പശ്ചാത് പാദദ്വയേ തദ്വത്
മൂലാധാരേ ത ഥൈവചാ
നാഭീകന്ദേച ഹൃന്മധ്യേ
കണ്ഠ മൂലേ ച താലുകേ
ഭ്രൂവോർമദ്ധ്യേ ലലാടേച
തഥാ മൂദ്ധ്നിധാരയേത്ത്''

## വേദാന്തസമ്മത

''ദേഹേത്വാത്മ മതിം വിദ്വാൻ
സമാകൃഷ്യ സമാഹിതഃ
ആത്മനാത്മനി നിർദ്വന്ദേ
നിവ്വികല്പേ നിരോധയേത്
പ്രത്യാഹാര സമാഖ്യാതഃ
സാക്ഷാത് വേദാന്ത വേദിഭിഃ
ഏവമഭ്യസതസ്തസ്യ
നകിംചിദപിദുർല്ലഭം''

## ധാരണ

''യദ്യത് പശ്യതിചക്ഷുഭ്യാം
തത്ത ദാത്മേതി ഭാവയേത്
യദ്യത് ശൃണോതി കർണ്ണാഭ്യാം
തത്ത ദാത്മേതി ഭാവയേത്
ലഭതേ നാസയായദ്യത്
തത്ത ദാത്മേതി ഭാവയേത്

ജിഹ്വയായത്ര സംഹൃതി
തത്ത ദാത്മേതി ഭാവയേത്
ഏവം ജ്ഞാനേന്ദ്രിയാണാംത്തു
തത്ത ദാത്മേതി ഭാവയേത്
ത്വയായദ്യത് സ്പൃശേദ്യോഗി
തത്ത ദാത്മേതി ഭാവയേത്''

## ധ്യാനം

''ശക്തി മദ്ധ്യേ മനകൃത്വാ
ശക്തിം മാനസ മധ്യഗാം
മനസാ മന് ആലോക്യ
ധാരയേൽ പരമം പദം

ഖമദ്ധ്യേ കുരുചാത്മാനം
ആത്മ മദ്ധ്യേ ച ഖം കുരു
സർവ്വം ച ഖമയം കൃത്വാ
നകിഞ്ചിദപി ചിന്തയേൽ''

## സമാധി

''അന്ത: ശ്ശൂന്യോ ബഹിശ്ശൂന്യ
ശ്ശൂന്യകുംഭ ഇവാംബരേ
അന്ത: പൂർണ്ണോ ബഹിപൂർണ്ണ
പൂർണ്ണകുംഭ ഇവാർണ്ണവേ

ബാഹ്യ ചിന്താനകർത്തവ്യ
തഥൈവാന്തര ചിന്തനം
സർവ്വചിന്താം പരത്യജ്യ
നകിഞ്ചിദപി ചിന്തയേൽ

കർപ്പൂരമനലേയദ്വൽ
സൈന്ധവം സലിലം യഥാ
തഥാ സന്ധീയമാനം ച
മനസ്തത്വേ വിലീയതേ

ഏവം നാനാ വിധോപായേന
സമ്യക് സാനുഭവാന്വിതാ
സമാധി മാർഗ കഥിതാ
പൂർവാചാര്യ മഹാത്മഭി''

# ഓം

കേൾക്കെടോ ഭാരതത്തിൻ
വൈശിഷ്ട്യ മെഴുന്നതാം
ബോധത്തിൻ മാർഗ്ഗമതേ

''അഥാതോ ബ്രഹ്മജിജ്ഞാസ''
എന്നത്രേ ബ്രഹ്മ സൂത്രത്തി
ലാദ്യമായുള്ള വാചകം

അതിന്നു ശേഷമാണത്രേ
ബ്രഹ്മ ജിജ്ഞാസ വരുവത്
ഏതിന്നു ശേഷമെന്നത്രേ
തീർച്ച ചെയ്യുക വേണ്ടതു്

സാധനാചതുഷ്ടയമെന്നു്
ഭാഷ്യകാരൻ കഥിക്കുന്നു
അവയെന്തെന്നു നോക്കീടാം
പഠിക്കാം വിവരപ്പടി

നിത്യമായവ ഏതെന്നും
അനിത്യമവയേതെന്നും
തിരിച്ചറിയുകയത്രേ
ആദ്യമായുള്ള സാധന

ഇഹ പരലോക ഭോഗ
വിരാഗമത്രേ രണ്ടാമതു്
ശമാദിഷൾക്ക സമ്പത്തി
മൂന്നാമത്തേതു മാണെന്നോ

അവയേതെന്നതാണെല്ലോ
പിന്നറിയേണ്ട സാധനം
ശമം, ദമ, മുപരതി,
തിതിക്ഷ, ശ്രദ്ധ, സമാധാ—
ന മാറാണായതൊക്കെടോ

മോക്ഷേച്ഛയല്ലോ നാലാമൻ
ഇവ നാലുമതാണെല്ലോ
അനുഷ്ഠിക്കേണ്ട സാധന

മനനം ചെയ്യുവോനത്രേ
മാനുഷനെന്നതോർക്കണം
ബുദ്ധി ഒത്ത വിചാരവാ
നറിയും ബദ്ധ ഭാവത്തെ

പെരും കടൽ മലമതിൽ
കിടക്കും വിരയതുണ്ടോ
ബദ്ധഭാവം പിണഞ്ഞങ്ങു
വലയുവതറിയുന്നു.

അതുപോലീജീവികളും
അറിയില്ല കുരുക്കതു
പിണഞ്ഞതും ബദ്ധഭാവ—
ത്തിലാണ്ടങ്ങു നീങ്ങാൻ വയ്യാ—
ത്തതും, അതുപോലെയവന്ന്
മനുഷ്യത്വം നഹിയെന്ന—
തറിയേണം ബുധജനം

വിചാരവാനാട്ടു മാത്രം
ബോധം കൂട്ടായി നിൽക്കുമേ

ബോധമുള്ളോന്ന മാത്രമേ
മോക്ഷബോധമുദിച്ചിട്ടു

ഇങ്ങനെ സാധനയെല്ലാം
സംക്ഷിപ്തമായറിയിച്ചേൻ
ഇതുകൊണ്ടും മതിയല്ലാ
ബ്രഹ്മ ജിജ്ഞാസ വേണമേ

പണ്ടു പണ്ടു മഹേശ്വരൻ
ഹത്യബാധിച്ച കാലത്തു്
ശാന്തി മാർഗ്ഗമതായ് കണ്ടി—
ട്ടിറങ്ങീ തീർത്ഥമാടുവാൻ

ബ്രഹ്മം കൈവിട്ടതായ് കണ്ടാൽ
ആത്മാന്വേഷകനെത്തേണം
തീർത്ഥപാദൻെറ സംഗമേ
അവിടെ മുങ്ങിയെണീററെ—
ന്നാൽ സർവ്വം സാധ്യമാകുമേ.

## അർച്ചിത കുസുമം

ശ്രീ ഗോപാല ഹംസോത്തംസം
ആരംഭ കാലത്തു തന്നെ
''കൈവല്ല്യനവനീത''ത്തെ
കറയററ ജ്ഞാനസുധ
നുകരാനാജ്ഞയേകിനാൻ
അതിൻെറ സുധയേററങ്ങു
വളർന്നു ശ്രീധരൻ സദാ

ചണ്ഡമാരുതനങ്ങാഞ്ഞു

വീശാൻ തുടങ്ങി സർവദാ
കാമേർഘലമഖിലം പോക്കി
നിർമ്മലാകാശമാക്കിനാൻ

അത്ഭുതപ്പടി ഫൂൽക്കാരം
സർവ്വദാ നിലനിന്നങ്ങു
ശബ്ദക്കളി നടത്തിനാൻ
ചീവിടു ശബ്ദിക്കും പോലെയും
ചിലങ്കയത്തു കിലുക്കിയും
പൂജാമണിയടിപ്പിച്ചും
വീണാനാദം മുഴക്കിയും
മൃദംഗമത്തു ഘോഷിച്ചും
രസിപ്പിച്ചെന്നെ സർവ്വദാ

ആഹാര നിയമം വിട്ടു
തപസ്സങ്ങുഗ്രമായിതേ
നിർമ്മല വിഹായസതിൽ
ഉത്സവം ഘോഷിച്ചിതുഗ്രം

പെരുമ്പറ മുഴക്കമായ്
മേഘനാദം ഘോഷിച്ചങ്ങു
ദേവകളുല്ലസിക്കയായ്
ഘോഷമതതി ഘോഷമേ

അങ്ങനങ്ങനൊരു ദിനം
ദേഹമെല്ലാം മറന്നപ്പോം
നിർമ്മല വിഹായസ്സങ്ങ-
ഖണ്ഡാകാശമായി നിന്നു

അഖണ്ഡാകാര വൃത്തിശു-
ദ്ധിയായ് വൃത്തിയായ് നില്ലേ

കാണായിതതിമോഹനം നടരാജം
ശിരസ്സു തുറന്നങ്ങു വിളങ്ങും പ്രഭാ-
രൂപം, ശ്രദ്ധിച്ചു നോക്കുന്നേരം കണ്ടിതു
ഡമരു അടിച്ചു നൃത്തത്തെ ചെയ്യുന്നതു്.

സഹസ്രദളപത്മത്തിൽ
ദളമതു മാറിമാറി
പാദാഘാതത്താൽ താണതും
വീണ്ടും പൊങ്ങി വരുവതും

നിറഞ്ഞ ബലൂണതു താഴ്ത്തും പോലെ
ഞെങ്ങുകയും താരുകയും ചെയ്തിതു

കടുകട ധ്വനിയതു്
മുഴങ്ങീ ഡമരുവിൽ
എന്തു ഞാൻ പറയേണ്ടു
ദേവനു മെഴുന്നെള്ളി

ഞാനാകും വിഹായസ്സിൽ
ഞാനാകുമാത്മാവങ്ങു
ശംഭുവായി ശിവനായ്
നിന്നു നൃത്തം ചെയ്‌വതു
സാധ്യമായ് കണ്ടിട്ടങ്ങു
സാധുവായ് തീർന്തു ശ്രീധരൻ

പിന്നെയങ്ങൊരു ദിനം
അഖില ലോകൈക നാഥൻ
ശ്രീ ഇന്ദ്രനെന്നറിവേകി
കോമളാകാരനായ് നിന്നു
അഖില ലോകമ്പിണ്ഡ,
തന്നിലായ കണ്ടിട്ടങ്ങു്

## സാധുവായ് തീർന്ന ശ്രീധരൻ

ഭൂമിതന്മീതേ നിന്നു
നോക്കുന്ന നേരം കാണു
മാകാശമത്രും നക്ഷ-
ത്ര വൃന്ദമത്രും തന്നി-
ലായ് കാണുവത് സാദ്ധ്യമായ്
കാണുക സാധ്യമാക്കി
സാധുവായ് തീർന്ന ശ്രീധരൻ

ഇങ്ങനെ മനുഷ്യത്വം
മുമുക്ഷുത്വം മഹാപു-
രുഷ സംഗമം ഈ ൩
യെല്ലുകിലെല്ലു മതേ
മോക്ഷമാം മഹാദ്യുതി.

ഇനിയും ഗുരു നിർദ്ദേശ
സാമർത്ഥ്യം കാട്ടീടാം ഞാന-
തു കേട്ടങ്ങു വളരു സാ-
ധിക്കും പടി മഹാമതേ

വെളിച്ചം മങ്ങിയ നേരത്ത്
കയറെ സർപ്പമായ് കണ്ടു
ചുഴന്നോടുന്ന ബാലനെ
വെളിച്ചം കാട്ടി രക്ഷിക്കും
ബോധവാനായി ഭാരതേ

ചൊല്ലുവൻ ഞാൻ നിറന്നാടവം
വേദാന്ത സിദ്ധാന്തമതേ
ശാസ്ത്ര പ്പടി മനോഹരം

അതു കേട്ടിട്ടു നീയങ്ങു-
ണരു ചുണയതാണെടോ

ബ്രഹ്മത്തിൽ മങ്ങലേല്പികാൻ
എങ്ങുമൊന്നുമതില്ലെടോ
അത്യുഗ്രഘോരാതപത്തിൽ
ജലം കാണുവതെങ്ങിനെ

മായയെന്നൊരു വൈശിഷ്ട്യം
ബ്രഹ്മത്തിൻ ശക്തിയാണെടോ
അതിനെ ഞാൻ വിവരിക്കാം
ശ്രദ്ധയാ കേട്ടുകൊള്ളുകാ

വന്ധ്യാ പുത്രനെന്നതത്രേ
ആദ്യമായുള്ള പ്രകൃതി
അതിന്നു നാമമേയുള്ളൂ
ശബ്ദം മാത്രമായ് നില്പതു്
രൂപം നാസ്തിയതിന്നെടോ

രണ്ടാമതായി ചൊല്ലാമേ
കാനൽ ജലമതായതേ
അതിന്നു നാമമുണ്ടങ്ങു
രൂപവും കാണ്മതുണ്ടെടോ
രൂപം കാണുവതുണ്ടേലും
വസ്തു തത്വമതില്ലല്ലോ

ഇനി മറ്റൊന്നു ചൊല്ലാം ഞാൻ
രജ്ജുസപ്പമതാണെല്ലോ
ഇവിടെ രജ്ജുവുണ്ടെന്നാൽ
സപ്പമില്ലെന്നു നിശ്ചയം

സൎപ്പം കാണുന്നനേരത്തു്
രജ്ജുവില്ലെന്നു നിശ്ചയം
ഇങ്ങനെ വാസ്തവ തത്വം
ഘടിക്കുന്നില്ലൊരടവും

കണ്ണാടിതന്നിൽ കൂടി ര–
ശ്മി കടക്കുന്നു സർവദാ
രശ്മിയുള്ളേടത്തു കണ്ണാ–
ടി കണ്ടീടുന്നതെങ്ങിനെ
കണ്ണാടിയുള്ളയിടത്തു്
രശ്മിയെങ്ങിനെ ചെന്നീടും

രശ്മിയും കണ്ണാടിയുമൊത്തു്
കഴിഞ്ഞീടുന്ന തെങ്ങിനെ
അ ന്യാന്യാശ്രയ ദോ ഷമി–
വിടെ യെങ്ങനെ നില്ക്കുമോ

അഗ്നിയും രശ്മിയുമായീ
പാത്രാൽ രശ്മിസൂഷ്മമതാ–
കുമെ രശ്മി സൂഷ്മമതാ–
ണേലും, രശ്മി ഇരുമ്പു തടു–
ക്കുമേ, അഗ്ദിപ്പോകും ബലാ–
ലെടോ ഇങ്ങനെല്ലാമിരി..
ക്കുമ്പോളെന്താണു പറയേണ്ടതു്

സൂഷ്മമെങ്ങെവിടെ സ്ഥൂലം
കരിമ്പാറമേൽ ചെന്നടി–
ക്കും തിരമാല കണക്കിനെ
സ്പ്രാഷടിച്ചു മടങ്ങുന്നു
യുക്തിയാം തിരമാലകൾ

ഇതുകൊണ്ടെങ്ങാന മാക–
മോ ഭാരതാം ബേടെ ഗാംഭീര്യം
ബോധമങ്ങൂറി ഒഴുകം
വഴി നോക്കി നടക്കണം

ആദി വേദമതാണെല്ലോ
അഴകേറുന്ന ഋഗ്ഗ്വേദ്
അതപൗരുഷേയമതാ
യാണ് ശാസ്ത്രം കഥിപ്പതു്
അതു കേട്ടിട്ട കലിതുള്ളി
ഉറഞ്ഞാടുന്നതെന്തിനു്
കഥിക്കാം നിന്നോടേവം
അതിൻെറ ശരിയുക്തിയേ

അണ്ടിയിട്ട കിളിർപ്പിപ്പൂ
മാവിനെ മനീഷികരം
മാവിൽ മാങ്ങായുണ്ടാകം
അതിൽ അണ്ടിയിരിക്കമേ

ആദിയിൽ മാങ്ങ എവിടെ
ഏതു മാവിൻെറ സന്തതി
അതപൗരുഷേയമാണു്
അതിനെന്തു കഥിച്ചീടും
അതുപോലേതു പഴവും
ആദിയില പൗരുഷേയ
മാണറിക മഹാമതേ–

അതുപോലെ ജീവികളും
ആദിയിങ്കല പൗരുഷേ–
യ മാണോർക്കുക ഭാരതാ;

ഇങ്ങനൊക്കെയിരുന്നിട്ടും
വേദമ പൗരുഷേയമെന്ന്
കോംക്കുമ്പോാം വെറികൊള്ള
വതെന്തിന്ന മഹാമതേ.

സ്വാതന്ത്ര്യ വെറുപ്പത്തും
ആലോചനാ ശൂന്യതയും
ഇവയൊക്കെ കളഞ്ഞിട്ട്
ബോധം കൊണ്ടുരസീടെടോ

ഇനിയും ദാ നിന്നോടേവം
അതിമോഹനമാം വിധം
ഇതിനെ കഥനം ചെയ്യാം
നിൻെറ മുമ്പിലൊരു വസ്തു
കിടക്കുന്നുണ്ടെന്ന കാൺക
അതിന്നതെന്നാരറിയും

കടുകെന്ന പറഞ്ഞെന്നാൽ
കടുകിൻ വിവരം മുമ്പു
തന്നെ ശരിക്കും വേണമേ
അങ്ങനാദിയാദിയതി-
ലറിഞ്ഞ പടിയെങ്ങിനെ

പദാത്ഥമായതിൻ മുമ്പ്
അതിൻെറയറിവുവേണം
അങ്ങിനെ ലോകസൃഷ്ടിക്ക
കാരണം വേദമാണെടോ

വേദം മെന്ന പറവതു്
അറിവെന്നതറിയുക

ബ്രഹ്മമെന്ന പറവതു്
സർവ്വഅറിവതാണെല്ലോ

ആകയാൽ ബ്രഹ്മമതു് സർവ്വ
കാരണ കാരണമത്രേ

കേവല വസ്തുക്കൾക്കു പോലും
ആദിയിൽ കാരണമെങ്ങെടോ
ഒന്നിനും കാരണമതില്ലേൽ
കാരണ കാര്യങ്ങളെങ്ങെടോ

പിന്നെ പറയേണമോ ജ്ഞാന
മഹാംബുധിയുടെ കാരണം
ബ്രഹ്മത്തിൽ നിന്നുമതാണെല്ലോ
സർവ്വം ജനിക്കുന്നു സർവ്വദാ

'ജന്മാദ്യസ്യയത' യെന്നാണെ—
ല്ലോ രണ്ടാകും സൂത്രവാചകം
പദാർത്ഥ ഭാവം ജ്ഞാനത്തിന്നെ—
ങ്ങും കണ്ടുമുട്ടുകയില്ലെടോ
അങ്ങനെയുള്ളൊരു കാരണത്തിൻ
കാരണം കാണുവതെങ്ങിനെ

ഒരു വസ്തുവതു കാണിപ്പാൻ
ബോധം വേണമതാദിയിൽ
ബോധമതേകാട്ടുവതിന്നോ
ഉപാധിയതിന്നു വേണമേ
ഉപാധിയേ കാട്ടുവതിന്നോ
ബോധമതുവേണമോർക്കുക
ബോധത്തിന്നുപാധിയില്ലെല്ലോ
'ഉപാധിരഹിതം ജ്ഞാന'മെ

ന്നാണെല്ലോ വേദാന്ത വാചകം

അങ്ങനങ്ങു വരുന്നേരം
ജ്ഞാനം ബാക്കിയതാകുമേ
അക്കാലത്താദി കാലത്തു്
ബ്രഹ്മമേകിയീ വേദത്തേ
അപൗരുഷേയ വേദത്തേ

കാട്ടി തന്നൻ വേദമതു്
പ്രമാണമായ് യുക്തിപ്പടി
പഠിച്ച വിജയക്കനീ

പ്രമാണത്തിൻ പ്രതിപാദ്യം
മതു പ്രമേയമാണെല്ലോ
ഏതു പ്രമേയത്തിനും
പ്രമാണമതു വേണമേ

ശാസ്ത്ര സമ്മതമില്ലെങ്കിൽ
അതംഗീകൃതമല്ലെല്ലോ
ശാസ്ത്ര സമ്മതമെന്നതു്
വേദസമ്മതമാണെല്ലോ

'ശാസ്ത്ര യോനിത്വ'മെന്നതു്
ബ്രഹ്മത്തിന്നുടെ ലക്ഷണം
അങ്ങനെ ശാസ്ത്ര സമ്മത
മെന്നതു' ബ്രഹ്മ സമ്മത
മാണെന്നതറിയുക നീ.

ഇനിയും ശാസ്ത്രമതിൻെറ
പ്രമേയമതെന്തെന്നു്
വിവരപ്പടി പഠിച്ചീടാം

വേദാന്തത്തിന്റെ പ്രമേയം
വിധിവാക്യമതല്ലെടോ
അവകാണിപ്പതെല്ലാമേ
അതിന്റെ സമന്വയ മ—
താണെല്ലോ, രാമൻ വരുന്നു
എന്നായാൽ ക്രിയാ വാക്യമ—
താണെല്ലോ, രാമൻ കറുത്ത
തെന്നായാൽ കറുപ്പ് രാമ—
നോടന്വയിക്കു മെന്നോർക്ക
ബ്രഹ്മത്തെ കാട്ടുവതത്രേ
ശാസ്ത്രത്തിൻ ലക്ഷ്യമോർക്കണം

അതുകണ്ടങ്ങറിഞ്ഞെന്നാൽ
സ്വയറിവതായ് വരും.

ഓം തത്സത്